**QP CODE** **Enrollment Number: ………………**

**M2022** **Name: ………………………………**

# MA DEGREE EXAMINATIONS, OCTOBER 2025
## First Semester
## M.A. Malayalam Language and Literature
## M21ML03DC- ഗദ്യം-കഥാസാഹിത്യം
## (Supplementary/Improvement)
## (Common for 2022 & 2023 July Admissions)

**Time: 3 Hours** **Max Marks: 70**

## സെക്ഷൻ എ

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതം.**

1. ഖസാക്കിന്റെ ഇതിഹാസം മലയാളനോവൽ സാഹിത്യത്തിൽ സൃഷ്ടിച്ച വിപ്ലവം എന്ത് ?
2. മലയാളനോവലിന്റെ വികാസത്തിൽ പുരോഗമനസാഹിത്യപ്രസ്ഥാനം വഹിച്ച പങ്കു ചുരുക്കി വിവരിക്കുക.
3. അസംതൃപ്തമായ ദാമ്പത്യബന്ധങ്ങളിലെ വിരസതയും മടുപ്പും തുറന്നവതരിപ്പിക്കുന്ന ചെറുകഥയാണ് 'ചന്ദനമരങ്ങൾ'. വിശദീകരിക്കുക.
4. കുന്ദൻ ജയിലിലാകാൻ ഇടയായ സാഹചര്യമെന്ത്?
5. കരുത്തും വ്യക്തിത്വവുമുള്ള കഥാപാത്രമാണ് 'രണ്ടിടങ്ങഴി'യിലെ ചിരുത – ഈ അഭിപ്രായം പരിശോധിക്കുക.
6. മലയാളത്തിലെ ദളിത് നോവൽ ശാഖയെ പരിചയപ്പെടുത്തുക.
7. ആൾക്കൂട്ടത്തിന്റെ സ്വഭാവങ്ങൾ 'മാവോയിസ്റ്റ്' എന്ന ചെറുകഥയിൽ എപ്രകാരം ആവിഷ്ക്കരിക്കപ്പെടുന്നു?
8. ആദ്യകാല ചെറുകഥകളുടെ പ്രത്യേകതകൾ വിവരിക്കുക.

**(2X5=10)**

## സെക്ഷൻ ബി

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതം**

9. സമുദായത്തിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചുള്ള തന്റെ ബോധമാണ് കുഞ്ഞുപാത്തുമ്മയുടെ ജീവിതത്തിലൂടെ ബഷീർ അവതരിപ്പിക്കുന്നത്. ഈ അഭിപ്രായം വിശദീകരിക്കുക.

10. 'ആരാച്ചാർ' എന്ന നോവലിന്റെ ശില്പഘടനയുടെ സവിശേഷതകൾ പരിശോധിക്കുക.
11. സാന്താൾ വംശത്തിന്റെ ജീവിതവും സംസ്കാരവും 'ബുധിനി' എന്ന നോവലിൽ ഉൾച്ചേർന്നിരിക്കുന്നു. വിശദമാക്കുക.
12. ഇന്ദുലേഖയിലെ പതിനെട്ടാം അദ്ധ്യായത്തിന്റെ പ്രാധാന്യമെന്ത്?
13. പരസ്പരം മനസ്സിലാക്കാൻ ശ്രമിക്കാതിരിക്കുന്നവരുടെ ലോകത്ത് ഒറ്റപ്പെട്ടു പോകുന്ന മനുഷ്യന്റെ ആത്മസംഘർഷങ്ങൾ ഉൾക്കൊള്ളുന്ന ചെറുകഥയാണ് 'അഞ്ചരവയസ്സുള്ള കുട്ടി.' വിശദീകരിക്കുക.
14. അസംതൃപ്തിയും നിസ്സഹായതയും ചേർന്ന ദുരനുഭവമായി വിവാഹം സ്ത്രീ ജീവിതത്തെ മാറ്റിമറിക്കുന്നു. 'മലമുകളിലെ അബ്ദുള്ള' എന്ന ചെറുകഥ ആസ്പദമാക്കി ഈ അഭിപ്രായം പരിശോധിക്കുക.
15. ദളിത് ജീവിതത്തിന്റെ ദുരിതപൂർണമായ ചരിത്രമാണ് 'പ്രേതഭാഷണം' എന്ന ചെറുകഥ ഉന്നയിക്കുന്നത്. വ്യക്തമാക്കുക.
16. ഗ്രാമീണ ജീവിതത്തിലെ പ്രതീക്ഷകളും പ്രതിസന്ധികളും മുട്ടത്തുവർക്കിയുടെ നോവലുകളിലെ മുഖ്യപ്രമേയമാണ്. 'പാടാത്ത പൈങ്കിളി' ആസ്പദമാക്കി വിശദീകരിക്കുക.
17. രാഷ്ട്രീയ സാമൂഹിക രംഗങ്ങളിലെ യാഥാർത്ഥ്യങ്ങൾ ഹാസ്യരൂപത്തിൽ വി.കെ.എൻ. 'ആരോഹണ'ത്തിൽ അവതരിപ്പിക്കുന്നതെങ്ങനെ? വിശദമാക്കുക.
18. ഫ്യൂഡൽ കാലഘട്ടത്തിൽ കേരളത്തിൽ നിലനിന്നിരുന്ന സാമൂഹിക പെരുമാറ്റരീതികൾ 'പൂവമ്പഴം' എന്ന കഥയിൽ പ്രതിഫലിക്കുന്നുണ്ട്. വിശദീകരിക്കുക.

**(5X6=30)**

## സെക്ഷൻ സി

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പതിനഞ്ചു മാർക്ക് വീതം.**

19. ജീവിതം ദുരിതപൂർണ്ണവും ക്ലേശകരവുമാകുമ്പോൾ വിശ്വാസങ്ങളെയും പാരമ്പര്യബോധത്തെയും മനുഷ്യൻ കൈവിടുന്നു. 'പള്ളിവാളും കാൽച്ചിലമ്പും' എന്ന ചെറുകഥ അടിസ്ഥാനമാക്കി വിശദീകരിക്കുക.
20. കീഴാളധർമ്മശാസ്ത്രത്തിന്റെ അടിത്തറയിൽ പടുത്തുയർത്തിയ നോവലാണ് 'ചാവുതുള്ളൽ'. വിശദമാക്കുക.
21. ശ്രീലങ്കയിലെ വംശീയ ഫാസിസം 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി' എന്ന നോവലിൽ എപ്രകാരം അടയാളപ്പെടുത്തിയിരിക്കുന്നു? വിശദമാക്കുക.
22. മനുഷ്യമനസ്സിന്റെ നിഗൂഢതകളിലൂടെയുള്ള സൂക്ഷ്മസ്വഭാവം 'ഉമ്മാച്ചു' അനുഭവവേദ്യമാക്കുന്നു. ഈ അഭിപ്രായം വിലയിരുത്തുക.

**(15X2=30)**